(ബി) ഏതെങ്കിലും അദ്ധ്യാപകരെ യോഗ്യതാനിർണ്ണയ ടെസ്റ്റിൽ നിന്നൊഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻസർവീസ് കോഴ്സുകളുടെ നടത്തിപ്പിലൂടെ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് പ്ലസ് ടൂ അദ്ധ്യാപകരുടെ യോഗ്യത നിർണ്ണയ പരീക്ഷ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) 1996-ന് മുൻപ് നിയമനം ലഭിച്ചവരും എം.എസ്., എം.ഫിൽ, പി. എച്ച്.ഡി. ജെ. ആർ. എഫ്. എൻ. ഇ. റ്റി തുടങ്ങിയ യോഗ്യതകൾ ഉള്ളവരെ ടെസ്റ്റിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. 96-ന് മുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചതിനാലും മറ്റ് യോഗ്യതകൾ ദേശീയാടിസ്ഥാനത്തിലുള്ളവയായതിനാലും ആണ് ഒഴിവാക്കിയത്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കോഴിക്കോട് ജില്ലയിലെ പ്ലസ് ടൂ സീറ്റുകൾ

55(467) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ കോളേജുകളിലായി എത്ര പ്രീഡിഗ്രി സീറ്റുകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ പുതുതായി അനുവദിച്ചതടക്കം സർക്കാർ എയ്ഡഡ് സ്കൂളുകളിലായി പ്ലസ് ടൂ കോഴ്സിന് എത്ര സീറ്റുകളാണ് ഉള്ളത് ; എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 1996-97 -ൽ ആകെയുള്ള പതിമൂന്നു സർക്കാർ, സ്വകാര്യ കോളേജുകളിൽ നിന്നായി 78 ബാച്ചുകളിലായി ആകെ 6240 സീറ്റുകൾ ഉണ്ടായിരുന്നു.

(ബി) പുതുതായി അനുവദിച്ചതുൾപ്പടെ നിലവിലുള്ള 60 പ്ലസ് ടൂ സ്കൂളുകളിലായി ഏകദേശം 10950 സീറ്റുകൾ ഉണ്ട്.

കാസർഗോഡ് ജില്ലയിലെ പ്ലസ് ടൂ അനുവദിച്ച സ്കൂളുകൾ

56(469) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് എത്ര ഹൈസ്കൂളുകളിലാണ് ഇക്കൊല്ലം പ്ലസ് ടൂ കോഴ്സ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) കാസർഗോഡ് താലൂക്കിൽ എത്ര ഹൈസ്കൂളുകളിലാണ് പ്ലസ് ടൂ കോഴ്സ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) കോളേജുകളിൽ നിന്നും പൂർണ്ണമായും പ്രീഡിഗ്രി വേർപ്പെടുത്തിയ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്കായി കൂടുതൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ) ഇക്കൊല്ലം 287 സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചു.

(ബി) ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങളും. പ്രീഡിഗ്രി വേർപ്പെടുത്തിയപ്പോഴുള്ള സാഹചര്യവും, സ്കൂളുകളുടെ സൗകര്യവും എല്ലാം മാനദണ്ഡങ്ങളാണ്.

(സി) കാസർഗോഡ് ജില്ലയിൽ ഇക്കൊല്ലം അനുവദിച്ച 6 പ്ലസ് ടൂ സ്കൂളുകൾ ഉൾപ്പെടെ മൊത്തം 24 സ്കൂളുകളിൽ പ്ലസ് ടൂ നിലവിലുണ്ട്. താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം

57(472) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിലുള്ള അനിശ്ചിതത്വം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അദ്ധ്യാപക നിയമനം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; കേസ് തീർപ്പാക്കുന്നതു ത്വരിതപ്പെടുത്താൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഹയർസെക്കന്ററി വിഭാഗം അദ്ധ്യാപകരുടെ ശംബളസ്കെയിൽ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly